# മഴവെള്ള ശേഖരണം ഒരു മെട്രോമാതൃക

**ചെന്നൈ വിശേഷം**

**ബിജു. എസ്. ബാലൻ**

ചെന്നൈയിൽ നിന്നും തിരിച്ചുവരുന്നവരോട് ചൂടിനെപ്പറ്റി ചോദിക്കാത്തവരുണ്ടോ? ചെന്നൈ എന്ന മദിരാശിപ്പട്ടണത്തെപ്പറ്റി ഏറ്റവുമധികം കൈമറിഞ്ഞുവന്നിട്ടുള്ള പ്രവാസി വിജ്ഞാനം ഒരു പക്ഷേ ചൂട്, ചൂടുകാറ്റ്, ജലക്ഷാമം എന്നിവയെപ്പറ്റിയായിരിക്കാം. മെയ് മാസത്തിലെ 'കത്തിരി വെയിലി'ന്റെ കഥകൾക്കു മുമ്പിൽ പട്ടാളക്കാരുടെ യാതനകഥകൾ പോലും തോറ്റുപോകും.

'കടുത്ത ചൂടിന്റെ ഉപോത്പന്നമാണോ ജലക്ഷാമം. അതോ നേരെ തിരിച്ചാണോ എന്ന് ശാസ്ത്രജ്ഞന്മാർ പറയട്ടെ. ചെന്നൈ വാനൊലി നിലയം(ആകാശവാണി) ഒരിക്കൽ 'കാലാവസ്ഥ ശാസ്ത്രജ്ഞനോട് ചോദിക്കുക' എന്ന ഒരു 'ഫോൺ ഇൻ' പരിപാടി നടത്തുകയുണ്ടായി. മരം നട്ടുപിടിപ്പിച്ച് 'ക്ലീൻ സിറ്റി','ഗ്രീൻ സിറ്റി' ഇവയെല്ലാം ഉണ്ടാക്കണമെന്ന ശാസ്ത്രജ്ഞന്റെ പ്രഭാഷണം കഴിഞ്ഞയുടനെ ഒരാൾ ഫോൺ ചെയ്തു. "സാർ, മരം വെച്ചാൽ മഴ പെയ്യുമോ?" എന്നായിരുന്നു ചോദ്യം. "മരം വെച്ചാൽ മഴ പെയ്യുമോയെന്നറിയില്ല. എന്നാൽ മഴ പെയ്താൽ മരം വളരുമെന്നറിയാം" എന്നാണ് ചെന്നൈ വാനൊലി നിലയം എന്ന ഔദ്യോഗിക മാധ്യമത്തിലൂടെ പ്രസ്തുത കാലാവസ്ഥ വിദഗ്ധൻ മറുപടി പറഞ്ഞത്.

ചൂടിനെപ്പറ്റി പറഞ്ഞുതുടങ്ങിയത് വെള്ളത്തിനെ പറ്റി പറയാനാണ്. ഒരു രൂപയുടെ വാട്ടർ പായ്ക്കറ്റ് വാങ്ങൽ ചെന്നൈയിൽ എല്ലാവർക്കും ശീലമാണ്. മെട്രോ വാട്ടർ എന്ന 'ഔദ്യോഗിക' വെള്ളവും ഭൂമിക്കടിയിൽ നിന്ന് പമ്പ് ചെയ്തെടുക്കുന്ന വെള്ളവുമാണ് കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്നത്.

ഇതൊക്കെ ചെയ്താലും തികയുമോ വെള്ളം? മഴ പെയ്യാതെങ്ങിനെ വെള്ളം വരും? വ്യവസായികളെ ക്ഷണിച്ചുവരുത്താനും കേന്ദ്ര പരിഗണന ലഭിക്കാനും നടത്തുന്ന അഭ്യാസങ്ങൾ മഴയുടെ അടുത്ത് നടക്കില്ലല്ലോ. പിന്നെ ചെയ്യാവുന്നത് വല്ലപ്പോഴും കിട്ടുന്ന മഴയെ പിടിച്ചുവയ്ക്കലാണ്.

വല്ലപ്പോഴും മഴ കിട്ടുന്ന ചെന്നൈ നഗരത്തിന് പരിസ്ഥിതി സംരക്ഷണക്കാരുടെ ഡയറിയിൽ ഒരു സ്ഥാനമുണ്ട്. ഇന്ത്യയിൽ വെച്ച് മഴവെള്ളം ശേഖരിച്ച് കുടിവെള്ളമാക്കുന്നതിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ചെന്നൈ ആണ്. മെട്രോപൊളീറ്റിൻ വാട്ടർസപ്ലൈ ബോർഡിന് മഴവെള്ളശേഖരണത്തിനായി(Rain Water Harvesting) വിപുലമായ ഒരു വിഭാഗമുണ്ട്. മഴവെള്ളശേഖരണത്തെ പറ്റി ലഘുലേഖ വിതരണം, മാസത്തിലൊരിക്കൽ ക്ലാസുകൾ എന്നിവ ചെന്നൈയിൽ നടക്കാറുണ്ട്. C. S. E(Centre for Science and Environment)എന്ന സംഘടനയുമായി ചേർന്ന് വിപുലമായ പോസ്റ്റർ പ്രചാരണവും നടത്താറുണ്ട്.

ഈ കാര്യങ്ങളൊക്കെ കാണിച്ച് 'സാങ്കേതിക വിദ്യയുടെ ജനകീയ വല്ക്കരണം' എന്നെല്ലാം ഗവൺമെന്റ് പരസ്യം ചെയ്യാറുണ്ട്. ഗതികെട്ട വ്യവസായിക പുലികളായ ഞങ്ങൾ പുല്ലു തിന്നുന്നു എന്ന രീതിയിലാണ് കാര്യമെന്ന് കാര്യവിവരമുള്ളവർക്കറിയാം. നഗരത്തിലേക്കെത്തിയിരുന്ന കൂവം നദി, മലിനജലം നാറി അടുക്കാൻ പറ്റാത്ത വിധമാക്കി. അശാസ്ത്രീയമായേ കാര്യങ്ങൾ ചെയ്യൂ എന്ന വാശി പോലെ പരിസ്ഥിതി മലിനീകരണം നടത്തുന്ന വ്യവസായങ്ങൾ വെള്ളംകുടി മുട്ടിച്ചതിൽ വഹിച്ച പങ്ക് ഗവൺമെന്റിന് പറയാൻ പറ്റില്ലല്ലോ.



കഠിനജലവും ഉപ്പുവെള്ളവും കിട്ടുന്ന നഗരത്തിൽ ഒരു ചാറ്റൽമഴയിൽ നിന്നു കിട്ടുന്ന വെള്ളം പോലും അമൂല്യമാണ് എന്ന അവസ്ഥയിലാണ് കാര്യങ്ങൾ.

ചെന്നൈയിലെ മഴവെള്ള ശേഖരണത്തിന്റെ പ്രചാരം ഏറ്റവുമധികം മനസ്സിലാവുക മലയാളിക്കാണ്. കാരണം "ഈ നശിച്ച മഴ മാറണേ" എന്ന് വീട്ടിനുള്ളിലിരുന്ന് പിറുപിറുത്ത് ശീലിച്ചതിനുശേഷം ചെന്നൈയിലെത്തുമ്പോൾ കാണുന്നത് "മഴ പെയ്യണേ" എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന ഒരു സമൂഹത്തിനെയാണ്.

ചെന്നൈയിൽ പണക്കാർ മുതൽ ചേരിയിലുള്ളവർ വരെ നേരിടുന്ന പൊതു പ്രശ്നം ഒന്നേയുള്ളൂ- കുടിവെള്ളം. പാവപ്പെട്ടവർ റോഡിൽ വെച്ച് വെള്ളം വണ്ടിയ്ക്കരികിൽ വെച്ച് തല്ലുകൂടുന്നു. പണക്കാർ ഏതെങ്കിലും മിനറൽ വാട്ടർ സപ്ലൈ കമ്പനിയിലേക്ക് വിളിച്ച് ചീത്ത പറയുന്നു.

തങ്ങൾ ഓടിച്ചുവിട്ട മഴ തിരിച്ചു വല്ലപ്പോഴും വരുമ്പോൾ വീട്ടിലേക്ക് ക്ഷണിച്ചു വരുത്തുക വഴി നഗരം പ്രകൃതിയോട് മാപ്പ് ചോദിക്കുകയാണ്, അനുഗ്രഹത്തിനായി.

വസ്തുക്കൾക്ക് കടപ്പാട് :- 'Rain water Harvesting' by Shree padre